ഗുരുമാർഗം

വേണ്ടരീതിയിൽ സന്യാസം സ്വീകരിക്കുന്നതു കൊണ്ടുള്ള മഹത്വം ഈ ലോകത്തിൽ ഏറ്റവും ഉത്കൃഷ്ടമായി കരുതപ്പെടുന്നു. സത്യാന്വേഷണ ശാസ്ത്രത്തിൽ ഇക്കാര്യം അത്യന്തം അഭികാമ്യമായ ജീവിതലക്ഷ്യമായി തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

ഒരു ജാതി ഒരു മതം ഒരു ദൈവം

പുണർതം 46 - 17
പൗർണമി 25 - 43
1938 പൗഷം 22
1438 റബീ ഉൽ ആഖിർ 13
1192 ധനു 28

ഇനിയും ഒഴിഞ്ഞു മാറുമോ?

ഒരു കോടതിയുടെയും ഉത്തരവില്ലാതെ തന്നെ കാസർകോട്ടെ എൻഡോസൾഫാൻ ഇരകൾക്ക് മതിയായ തോതിൽ നഷ്ടപരിഹാരവും വൈദ്യസഹായം ഉൾപ്പെടെയുള്ള പുനരധിവാസവും ഉറപ്പാക്കേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. അത് ഉണ്ടായില്ലെന്നു മാത്രമല്ല, പൊള്ളയായ വാഗ്ദാനങ്ങൾ നൽകി നാളിതുവരെ ആ പാവങ്ങളെ കബളിപ്പിക്കാനാണു ശ്രമിച്ചത്. ഇപ്പോഴിതാ സുപ്രീം കോടതി അവരോട് അല്പം കരുണ കാട്ടിയിരിക്കുന്നു. വർഷങ്ങൾക്ക് മുൻപ് ദേശീയ മനുഷ്യാവകാശ കമ്മിഷൻ ദുരിതബാധിതർക്ക് വൈകല്യത്തിന്റെ തോതനുസരിച്ച് അഞ്ചു ലക്ഷം രൂപ വരെ നഷ്ടപരിഹാരമായി നൽകാൻ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ഈ സംഖ്യ മൂന്നുമാസത്തിനകം നൽകണമെന്നാണ് പരമോന്നത കോടതി കഴിഞ്ഞ ദിവസം ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നത്. ഇതിനു വേണ്ടിവരുന്ന പണം എൻഡോസൾഫാൻ എന്ന മാരക കീടനാശിനി ഉത്പാദിപ്പിച്ച കമ്പനികളിൽ നിന്ന് ഈടാക്കാൻ സർക്കാരിന് നിയമ നടപടികൾ തേടാമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ ഇതേ ആവശ്യത്തിന് കേന്ദ്ര സഹായവും തേടാവുന്നതാണ്.

കാസർകോട്ടെ കശുമാവിൻ തോട്ടങ്ങളെ കീടബാധയിൽ നിന്നു രക്ഷിക്കാനായി വൻതോതിൽ എൻഡോസൾഫാൻ പ്രയോഗിച്ചതാണ് അനവധിപേരെ ജീവച്ഛവങ്ങളാക്കിയത്. വിമാനം വഴി കവിഞ്ഞ അളവിൽ കീടനാശിനി തളിച്ചപ്പോൾ കശുമാമ്പൂക്കളിലുള്ള കീടങ്ങൾ മാത്രമല്ല നശിച്ചത്. കശുമാവു തോട്ടങ്ങളുടെ പരിസരങ്ങളിലുള്ള വീടുകളിലെ താമസക്കാർക്കും വിഷബാധയേറ്റു. പിറന്നുവീണ ശിശുക്കൾ വരെ കൊടിയ വിഷത്തിന്റെ മാരകഫലങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു. ജീവിതാവസാനം വരെ പിന്തുടരുന്ന വൈകല്യങ്ങളുമായി കാണുന്നവരുടെയെല്ലാം കണ്ണു നനച്ചുകൊണ്ട് എൻഡോസൾഫാൻ ഇരകൾ ഇന്നും ജീവിക്കുന്നു. അനവധി പേർ ഇതിനകം ഈ ദുരിതജീവിതത്തിൽ നിന്ന് മരണത്തിലൂടെ മോചിതരായി. ചിലർ ആത്മഹത്യയിൽ അഭയം തേടി. ആയിരങ്ങൾ കീടനാശിനി ഭീകരതയുടെ ജീവിക്കുന്ന രക്തസാക്ഷികളായി ഇഴഞ്ഞും നിരങ്ങിയും ഇന്നും ജീവിച്ചുപോകുന്നു.

ഇത്തരത്തിൽ അത്യസാധാരണമായ ദുരന്തമുണ്ടാകുമ്പോൾ രക്ഷയ്ക്കെത്തേണ്ടത് ഭരണകൂടങ്ങൾ തന്നെയാണ്. നിർഭാഗ്യവശാൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കാര്യത്തിൽ സർക്കാർ യന്ത്രം വേണ്ടപോലെ ചലിക്കുകയോ ആശ്വാസ നടപടികൾ വേണ്ടത്ര ഉണ്ടാവുകയോ ചെയ്തില്ലെന്നതാണ് സത്യം. സർവേകളും കണക്കെടുപ്പുകളും പരിശോധനകളും തരാതരം പോലെ നടന്നെങ്കിലും നൽകപ്പെട്ട വാഗ്ദാനങ്ങൾ പോലും പാലിക്കാൻ സർക്കാർ ശ്രമിച്ചില്ല. ഇരകളെ സന്ദർശിച്ച വിദഗ്ദ്ധസംഘങ്ങൾ നിരവധിയാണ്. ഇരകളുടെ ദയനീയാവസ്ഥ നേരിൽ ബോദ്ധ്യപ്പെട്ടശേഷമാണ് വർഷങ്ങൾക്കു മുൻപ് ദേശീയമനുഷ്യാവകാശ കമ്മിഷൻ ഇരകൾക്ക് മതിയായ തോതിൽ നഷ്ടപരിഹാരം നൽകാൻ ഉത്തരവിട്ടത്. മരണമടഞ്ഞവരുടെ കുടുംബത്തിനും പൂർണമായും കിടപ്പിലായവർക്കും അഞ്ചുലക്ഷം രൂപ വീതവും ദുരിതത്തിലായ മറ്റുള്ളവർക്ക് മൂന്നുലക്ഷം രൂപ വീതവും നൽകാനായിരുന്നു ഉത്തരവ്. ഇതിനായി ഗുണഭോക്താക്കളുടെ പട്ടികയും തയ്യാറാക്കിയിരുന്നു. പട്ടികയിൽ ഉൾപ്പെടാതെ പോയ ഹതഭാഗ്യരും ഏറെയാണ്. ഇതൊക്കെ നടന്നിട്ട് വർഷങ്ങൾ പലതായെങ്കിലും നടപടി ഒന്നുമുണ്ടായില്ല. ഇതിനിടെ ദുരിതബാധിതരുടെ കുടുംബങ്ങൾ തലസ്ഥാനത്തെത്തി ഭരണസിരാകേന്ദ്രത്തിനു മുന്നിൽ സത്യാഗ്രഹം കിടന്നു. സാന്ത്വനിപ്പിച്ചും ഉറപ്പുനൽകിയും അവരെ മടക്കി അയച്ചതല്ലാതെ നഷ്ടപരിഹാരത്തുക അവരിലെത്തിയില്ല. മനുഷ്യാവകാശ കമ്മിഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാരത്തിൽ ഒരു രൂപ പോലും ലഭിക്കാത്തവർ മൂവായിരത്തിലധികമാണ്. 2818 പേർക്ക് കുറഞ്ഞ തോതിലെങ്കിലും സഹായം ലഭിച്ചു. മരുന്നു തളിക്കാൻ കാരണക്കാരായ പ്ലാന്റേഷൻ കോർപറേഷൻ നൽകിയ 53 കോടി രൂപ കൊണ്ടാണ് ഇതു സാധിച്ചത്. സർക്കാർ ഖജനാവിൽ നിന്ന് പണമൊന്നും ഇതുവരെ ഇവരിലെത്തിയില്ല. സഹായവും കാത്ത് മൂവായിരത്തിലേറെ കുടുംബങ്ങൾ കണ്ണീരും കൈയുമായി കഴിയുമ്പോഴും സർക്കാരിന് ഇത്രയധികം നിസംഗത പുലർത്താൻ എങ്ങനെ കഴിയുന്നു എന്നത് അത്ഭുതകരമാണ്. ഡി.വൈ.എഫ്.ഐ ഹർജിയുമായി എത്തിയിരുന്നില്ലെങ്കിൽ ഇപ്പോഴും അവരുടെ ജീവിതദുരിതം പുറംലോകം അറിയുമായിരുന്നില്ല.

> നിർഭാഗ്യവശാൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കാര്യത്തിൽ സർക്കാർ യന്ത്രം വേണ്ടപോലെ ചലിക്കുകയോ ആശ്വാസ നടപടികൾ വേണ്ടത്ര ഉണ്ടാവുകയോ ചെയ്തില്ലെന്നതാണ് സത്യം. സർവേകളും കണക്കെടുപ്പുകളും പരിശോധനകളും തരാതരം പോലെ നടന്നെങ്കിലും നൽകപ്പെട്ട വാഗ്ദാനങ്ങൾ പോലും പാലിക്കാൻ സർക്കാർ ശ്രമിച്ചില്ല. ഇരകളെ സന്ദർശിച്ച വിദഗ്ദ്ധ സംഘങ്ങൾ നിരവധിയാണ്.

നഷ്ടപരിഹാരം നൽകാനുള്ള ബാദ്ധ്യത കേന്ദ്ര സർക്കാരിനുമില്ലേ എന്ന് ചീഫ് ജസ്റ്റിസ് കേഹാറിന്റെ അദ്ധ്യക്ഷതയിലുള്ള ബെഞ്ച് സംസ്ഥാന സർക്കാരിനോട് ആരാഞ്ഞത് ശ്രദ്ധേയമാണ്. ഇത്തരം ദുരിതാവസ്ഥ നേരിടേണ്ടിവരുന്നവരുടെ കാര്യത്തിൽ ഭരണകൂടങ്ങളുടെ സമീപനം മിക്കവാറും ഒന്നുതന്നെയാണ്. നിവൃത്തിയുണ്ടെങ്കിൽ എങ്ങനെ സഹായം നൽകാതിരിക്കാം എന്നാകും നോക്കുക. അതിനു കഴിഞ്ഞില്ലെങ്കിൽ പരമാവധി വൈകിപ്പിക്കാൻ വഴിതേടും. ഇരകൾക്ക് നഷ്ടപരിഹാരം നിശ്ചയിച്ചുകൊണ്ടുള്ള മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ് വന്നിട്ട് വർഷങ്ങളായെങ്കിലും അതിനുവേണ്ടി സഹായം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്രത്തെ സമീപിച്ചത് കഴിഞ്ഞ ഏപ്രിലിൽ മാത്രമാണ്. സംസ്ഥാനത്തിന്റെ അപേക്ഷയിൽ കേന്ദ്രം ഒരു തീരുമാനവും ഇതുവരെ എടുത്തതുമില്ല. തീരുമാനമുണ്ടാകാത്തത് എന്തുകൊണ്ടെന്ന് ഇവിടെനിന്ന് ആരും അന്വേഷിച്ചിരിക്കാനും ഇടയില്ല. നഷ്ടപരിഹാരം മാത്രമല്ല, പുനരധിവാസവും ജീവിതാവസാനം വരെ മുടങ്ങാതെ ലഭിക്കേണ്ട വൈദ്യസഹായവും പാക്കേജിന്റെ ഭാഗമാണ്. സുപ്രീംകോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഈ വക കാര്യങ്ങളിൽ അനുകൂല തീരുമാനങ്ങളുണ്ടാകുമെന്നു പ്രതീക്ഷിക്കാം.

യുവജന സമൂഹം കടമ നിറവേറ്റണം

▶പി.ബിജു

സ്വാമി വിവേകാനന്ദന്റെ 154-ാം ജന്മദിനമായ ഇന്ന് ഇന്ത്യയിലെങ്ങും ദേശീയ യുവജന ദിനമായി വിവേകാനന്ദസ്മരണ പുതുക്കുന്നു. ദേശീയതയെകുറിച്ചുള്ള സംവാദം സജീവമായി കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് വിവേകാനന്ദ ദർശനങ്ങൾ പഠിക്കേണ്ടത് അനിവാര്യമാണ്.

സ്വാമി വിവേകാനന്ദനെ രൂപപ്പെടുത്തിയ രാഷ്ട്രീയ - സാമൂഹിക പശ്ചാത്തലം പരിഗണിക്കാതെ അദ്ദേഹത്തെകുറിച്ചുള്ള ചർച്ചകൾക്ക് പ്രസക്തിയില്ല. ജാതിവിവേചനത്തിനെതിരെ ശബ്ദിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ബ്രഹ്മസമാജമടക്കമുള്ള പ്രസ്ഥാനങ്ങളായിരുന്നു. ശ്രീരാമകൃഷ്ണപരമഹംസനുമായുള്ള അടുപ്പം വിവേകാനന്ദന്റെ ജീവിതത്തിൽ വഴിത്തിരിവായി.

എല്ലാമതങ്ങളും ഒരേ വൃക്ഷത്തിന്റെ ശാഖകളാണെന്ന് ശ്രീരാമകൃഷ്ണപരമഹംസൻ വിശ്വസിച്ചു. 'നരേന്ദ്രനിൽ നിന്നും സ്വാമി വിവേകാനന്ദനിലേക്കുള്ള പരിണാമം ശ്രീരാമകൃഷ്ണപരമഹംസരുടെ ശിഷ്യനായതോടുകൂടിയാണ്. ഫ്രഞ്ച് വിപ്ലവം സ്വാമിവിവേകാനന്ദനെയും സ്വാധീനിച്ചു. ശ്രീരാമകൃഷ്ണപരമഹംസരുടെ മരണശേഷം അദ്ദേഹത്തിന്റെ സ്മരണയ്ക്കായി വിവേകാനന്ദനും സഹപ്രവർത്തകരും ചേർന്നാണ് ശ്രീരാമകൃഷ്ണ മിഷൻ സ്ഥാപിച്ചത്.

ധനികരും ദരിദ്രരും, ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനികളും അദ്ദേഹത്തിന്റെ വേദികളിലെത്തി. ശാസ്ത്രബോധം പ്രചരിപ്പിച്ചു. കപടശാസ്ത്രത്തെ തുറന്നുകാട്ടി. ദാരിദ്ര്യത്തെയും നിരക്ഷരതയെയും എതിർത്തു. അതിന്റെ കാരണങ്ങളെയും തുറന്നുകാട്ടി. വേദാന്ത ദർശനത്തിൽ ആരംഭിച്ച് ആധുനിക സോഷ്യലിസ്റ്റ് സരണിയിലേക്ക് സഞ്ചരിച്ച ചിന്തയാണ് അദ്ദേഹത്തിന്റേത്.

1893- സെപ്തംബർ 11 ന് നടന്ന ചിക്കാഗോ സർവമത സമ്മേളനത്തിൽ ഹിന്ദുമതത്തെ പറ്റിയും സർവമത ചിന്തകൾക്ക് അംഗീകാരം നൽകിയ തന്റെ നാടിനെപറ്റിയും അദ്ദേഹം വിശദീകരിച്ചു. മതത്തെ ദുരുപയോഗം ചെയ്യുന്നതിനെ രൂക്ഷമായി എതിർത്തു. സങ്കുചിതമായ ദേശീയബോധത്തെ വിമർശിച്ചു. 'ഇന്ത്യക്കാർക്ക് ഉടൻ വേണ്ടത് മതമല്ല ; ആഹാരമാണ്' അദ്ദേഹം പറഞ്ഞു. സഹിഷ്ണുതയും സാർവലൗകികതയും നമ്മെ പഠിപ്പിച്ച ഒരു മതത്തെയാണ് താൻ പ്രതിനിധീകരിക്കുന്നതെന്നും സർവമതങ്ങളിലെയും ഭൂമിയിലെ സർവ രാഷ്ട്രങ്ങളിലെയും ശരണാർത്ഥികൾക്കും പീഡിതർക്കും അഭയം നൽകിയ ഒരു രാഷ്ട്രത്തിന്റെ പ്രതിനിധി എന്ന നിലയിൽ താൻ അഭിമാനിക്കുന്നതായും അദ്ദേഹം പറഞ്ഞു.

സ്വാമി വിവേകാനന്ദന്റെ ജന്മദിനം ഇന്ത്യയിൽ ദേശീയ യുവജനദിനമാണ്. യുവത്വത്തിന്റെ ശക്തിയിലും സർഗാത്മകതയിലും അദ്ദേഹം പ്രതീക്ഷയർപ്പിച്ചിരുന്നു. ധീരതയും സാഹസികതയും സഹിഷ്ണുതയും യുവതലമുറയ്ക്ക് വേണമെന്ന് വാദിച്ചു. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ഈ കാഴ്ചപാട് പ്രസക്തമാണ്.

ഇന്ത്യൻ ദേശീയത എന്നത് നാനാത്വത്തിൽ ഏകത്വമാണ്. വൈവിദ്ധ്യങ്ങളെ ഇല്ലാതാക്കി കൊണ്ട് ഏകത്വം അടിച്ചേൽപ്പിക്കാൻ അനുവദിക്കരുത്. ഇന്ത്യൻ ദേശീയതയുടെ കുത്തകാവകാശം ഏറ്റെടുത്തുകൊണ്ട് ചില വർഗീയവാദികൾ രാജ്യത്തിന്റെ ഐക്യത്തെ ചോദ്യം ചെയ്യുകയാണ്. ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതയും തീവ്രവാദവും രാജ്യത്തിന് ഭീഷണിയാണ്. അത് വികസനത്തിന് എതിരാണ്, വളർച്ചയ്ക്ക് എതിരാണ്. സാമ്പത്തിക ദുരന്തത്തിലേക്ക് ജനങ്ങളെ തള്ളിയിടുകയും അതിനെതിരായ ശബ്ദത്തെ വർഗീയമായ ഭിന്നിപ്പിലൂടെ ഇല്ലാതാക്കുകയും ചെയ്യാനാണ് ശ്രമം.

കേരളത്തിലെ യുവജനങ്ങൾ എക്കാലത്തും രാജ്യത്തിന് മാതൃകയാണ്. നവോത്ഥാനവും മതസഹിഷ്ണുതയും സാക്ഷരതയും സമഗ്രവികസനവും ജനകീയ വിദ്യാഭ്യാസവുമെല്ലാം കേരളത്തിന്റെ സവിശേഷതയാണ്. നമ്മുടെ രാജ്യത്തെ മതേതരമായി നിലനിറുത്താനും സുസ്ഥിരമായ വികസനം, പരിസ്ഥിതി സംരക്ഷണം, ജനകീയ വിദ്യാഭ്യാസ സംരക്ഷണം, അഴിമതിരഹിത സമൂഹം, പാർശ്വവത്കരിക്കപ്പെട്ടവരുടെ പുരോഗതി തുടങ്ങിയ മുദ്രാവാക്യങ്ങൾ പൂർണ അർത്ഥത്തിൽ നടപ്പിലാക്കാനും മുന്നിൽ നിൽക്കേണ്ട കടമ യുവജനസമൂഹത്തിനാണ്.

(സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാനാണ് ലേഖകൻ. ഫോൺ: 9847399309)

അടിപിടി തീരാതെ മലയാള സിനിമാ മേഖല

▶എം.എസ്.സജീവൻ

വ്യവസായ സംഘടനകളുടെ ചേരിപ്പോരും പിടിവാശിയും മലയാള സിനിമയെ കടുത്ത പ്രതിസന്ധിയിലാക്കിയിട്ടും വിട്ടുവീഴ്ചകൾക്ക് വഴി തെളിയുന്നില്ല. റിലീസ് സിനിമകൾ പ്രദർശിപ്പിക്കുന്ന എ ക്ലാസ് തിയേറ്ററുകൾ ഇന്ന് മുതൽ അടച്ചിടും. പകരം ബി, സി. ക്ലാസ് തിയേറ്ററുകളിൽ സിനിമകൾ റിലീസ് ചെയ്യാൻ നിർമ്മാതാക്കളും വിതരണക്കാരും തീരുമാനിച്ചെങ്കിലും കോടികൾ മുടക്കിയ നിർമ്മാതാക്കൾ ആശങ്കയിലാണ്. സംഘടനകളുടെ തമ്മിൽത്തല്ല് ആദ്യം തീർക്കട്ടെയെന്ന നിലപാട് സർക്കാരും സ്വീകരിച്ചതോടെ പ്രശ്നപരിഹാരം അനിശ്ചിതത്വത്തിലായി.

സിനിമകൾക്ക് മികച്ച വരുമാനം കിട്ടേണ്ടിയിരുന്ന ക്രിസ്മസ്, പുതുവർഷ ഉത്സവകാലത്ത് നാല് സിനിമകളുടെ റിലീസിംഗ് മുടങ്ങിയതിന് പിന്നാലെ ഹിറ്റായി ഓടിയിരുന്ന പുലിമുരുകനും കട്ടപ്പനയിലെ ഋത്വിക് റോഷനും എ ക്ലാസ് തിയറ്ററുകളിൽനിന്ന് പിൻവലിച്ചത് വൻനഷ്ടമാണ് വ്യവസായത്തിന് വരുത്തിയത്. മുഖ്യമന്ത്രി പിണറായി വിജയൻ അനൗപചാരികമായും സാംസ്കാരികമന്ത്രി എ.കെ. ബാലൻ നേരിട്ട് ഇടപെട്ടിട്ടും വരുമാനം പങ്ക് വയ്ക്കുന്നത് സംബന്ധിച്ച തർക്കത്തിന് പോംവഴി തെളിഞ്ഞിട്ടില്ല.

കഥാരംഭം

മലയാള സിനിമകൾ പ്രദർശിപ്പിക്കുന്നതിന് എ ക്ലാസ് തിയേറ്ററുകൾക്ക് വരുമാനത്തിന്റെ 40 ശതമാനമാണ് നൽകുന്നത്. 60 ശതമാനം സിനിമയുടെ നിർമ്മാതാവിനുമെന്നാണ് നിലവിലുള്ള വ്യവസ്ഥ. ചെലവുകൾ വർദ്ധിച്ചതിനാൽ വിഹിതം 50 ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന് കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ നവംബറിൽ ആവശ്യപ്പെട്ടു. ക്രിസ്മസ് സിനിമകൾക്ക് പകുതി വിഹിതം വേണമെന്നും ആവശ്യപ്പെട്ടു.

ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷനും ഫിലിം ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനും വിഹിതം വർദ്ധിപ്പിക്കാൻ തയ്യാറായില്ല. വർദ്ധിപ്പിച്ചില്ലെങ്കിൽ സിനിമകൾ റിലീസ് ചെയ്യില്ലെന്ന് എക്സിബിറ്റേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് ലിബർട്ടി ബഷീർ പ്രഖ്യാപിച്ചു.

മന്ത്രിയുടെ ചർച്ചയും പൊളിഞ്ഞു

സാംസ്കാരികമന്ത്രി എ.കെ. ബാലൻ സിനിമാ സംഘടനകളുമായി ചർച്ച നടത്തിയെങ്കിലും ഫലം കണ്ടില്ല. പകുതി വിഹിതമെന്ന നിലപാടിൽ വിട്ടുവീഴ്ചയില്ലെന്ന് ചർച്ചയിൽ ഫെഡറേഷൻ ആവർത്തിച്ചു.

വിഹിതം സംബന്ധിച്ച് പഠിക്കാൻ സമിതിയെ നിയോഗിക്കാം, ക്രിസ്മസ് സിനിമകൾ നിലവിലെ വിഹിത പ്രകാരം പ്രദർശിപ്പിക്കുക എന്നീ നിർദ്ദേശങ്ങൾ മന്ത്രി മുന്നോട്ടുവച്ചെങ്കിലും അംഗീകരിക്കാൻ തിയേറ്ററുടമകൾ തയ്യാറായില്ല. ചർച്ച പൂർത്തിയാക്കാതെ തിയേറ്ററുടമകൾ ഇറങ്ങിപ്പോകുകയും ചെയ്തു.

നിർമ്മാതാക്കളും വിതരണക്കാരും ഒറ്റക്കെട്ട്



മന്ത്രിയുടെ ചർച്ച പൊളിഞ്ഞതോടെ നിർമ്മാതാക്കളും വിതരണക്കാരും ഒറ്റക്കെട്ടായി. സൂപ്പർഹിറ്റായി ഓടിയിരുന്ന പുലിമുരുകൻ, കട്ടപ്പനയിലെ ഋത്വിക് റോഷൻ എന്നീ സിനിമകൾ ഫെഡറേഷന്റെ തിയേറ്ററുകളിൽനിന്ന് പിൻവലിച്ചു. രണ്ടു സിനിമയും പുതിയ സിനിമകളും ബി., സി. ക്ലാസ് തിയേറ്ററുകളിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ചു. നഗരങ്ങളിൽ മൾട്ടിപ്ലക്സുകളിലും സിനിമകൾ പ്രദർശിപ്പിക്കും.

ക്രിസ്മസും പുതുവർഷവും ലക്ഷ്യമിട്ട സിനിമകൾക്ക് 50 കോടി രൂപയാണ് മുടക്ക്. ഇത് തിരിച്ചുപിടിക്കാൻ പരമാവധി തിയേറ്ററുകളിൽ പ്രദർശിപ്പിച്ചാൽ കഴിയുമെന്ന പ്രതീക്ഷയാണ് നിർമ്മാതാക്കൾക്ക്. ഫെഡറേഷൻ അംഗങ്ങളിൽ തയ്യാറുള്ള തിയേറ്ററുകൾക്കും സിനിമകൾ നൽകാനുള്ള കരുനീക്കവും നടക്കുന്നുണ്ട്.

അനൗപചാരിക ചർച്ചയും പൊളിഞ്ഞു

തർക്കം പരിഹരിക്കാൻ ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷന്റെ ഉപദേശക സമിതി അംഗങ്ങളായ ഡോ. രാംദാസ്, നന്ദകുമാർ, ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജി. സുരേഷ് കുമാർ, സെക്രട്ടറി രഞ്ജിത്, ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സിയാദ് കോക്കർ തുടങ്ങിയവർ പങ്കെടുത്ത അനൗപചാരിക ചർച്ചയും പൊളിഞ്ഞു. സിനിമാ വ്യവസായ സംഘടനകളുടെ പൊതുവേദിയായ കേരള ഫിലിം ചേംബർ നടത്തിയ ശ്രമങ്ങളും എങ്ങുമെത്തിയിട്ടില്ല. വിട്ടുവീഴ്ചയില്ലെന്ന സംഘടനകളുടെ പിടിവാശി തന്നെയാണ് പരിഹാരത്തിന് തടസം.

തിയേറ്ററുകൾ പൂട്ടലിലേക്ക്

തർക്കം പരിഹരിക്കണമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശം ചർച്ചചെയ്യാൻ കഴിഞ്ഞ ദിവസം ചേർന്ന ഫെഡറേഷൻ പൊതുയോഗവും വെറുതേയായി. മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ബഹുഭൂരിപക്ഷം തിയേറ്ററുകളും തയ്യാറായില്ല.

തങ്ങൾക്ക് സിനിമ നിഷേധിച്ച സാഹചര്യത്തിൽ ഇന്ന് മുതൽ തിയേറ്ററുകൾ അടച്ചിടാനാണ് യോഗം തീരുമാനിച്ചത്. മലയാള സിനിമകൾ പിൻവലിച്ചതോടെ അന്യഭാഷാ സിനിമകൾ പ്രദർശിപ്പിച്ചെങ്കിലും കാര്യമായ വരുമാനം ലഭിക്കാതെ തിയേറ്ററുകളിൽ പലതും പൂട്ടലിന്റെ വക്കിലായിരുന്നു. 360 തിയേറ്ററുകളാണ് ഫെഡറേഷനിലുള്ളത്.

നഷ്ടം തദ്ദേശ സ്ഥാപനങ്ങൾക്ക്

തിയേറ്ററുകൾ നിലക്കുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനത്തെ സാരമായി ബാധിക്കും. വിനോദനികുതി വഴി തിയേറ്ററുകളിൽനിന്ന് വൻതുകയാണ് ലഭിച്ചിരുന്നത്. ഇത് ഇല്ലാതാകുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെയും ബാധിക്കും.

ക്ലൈമാക്സ് സർക്കാർ ഇടപെടൽ

സർക്കാരിന്റെ കർശനമായ ഇടപെടലാണ് തർക്കം പരിഹരിക്കാൻ ഇനി അവശേഷിക്കുന്നത്. സംഘടനകൾ തമ്മിൽ ഇടയ്ക്കിടെ കലഹിക്കുന്നതിൽ സർക്കാർ അതൃപ്തരാണ്. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇടപെട്ടിട്ടും വിട്ടുവീഴ്ചയ്ക്ക് സംഘടനകൾ തയ്യാറാകാത്തതാണ് ചലച്ചിത്ര അക്കാഡമി ഉൾപ്പെടെ തർക്കത്തിൽ ഇടപെടാൻ മടിക്കുന്നത്.

തിയേറ്ററുകൾ നികുതി വെട്ടിക്കുന്നു, സാംസ്കാരിക സെസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നു തുടങ്ങിയ പരാതികൾ വിജിലൻസ് പരിശോധിച്ചത് തിയേറ്ററുകളെ സമ്മർദ്ദത്തിലാക്കാൻ ലക്ഷ്യമിട്ടായിരുന്നു.

വിട്ടുവീഴ്ചകൾക്ക് സംഘടനകൾ തയ്യാറായില്ലെങ്കിൽ സിനിമാവ്യവസായത്തെ ഗുരുതരമായി ബാധിക്കും. ചിത്രീകരണം ഉൾപ്പെടെ നിലയ്ക്കാനും വഴിതെളിക്കുമെന്നാണ് ആശങ്ക.

മടിയിൽ കനമില്ലെങ്കിൽ ഇടവഴിയെ ഭയക്കണോ?

▶വി.എസ്. രാജേഷ്

സംസ്ഥാനത്തെ ഇപ്പോഴത്തെ വലിയ ചർച്ച മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥരിൽ ചിലർ ഒരുഭാഗത്തും വിജിലൻസ് ഡയറക്ടർ മറുഭാഗത്തുമായി നടക്കുന്ന പോരാണല്ലോ...വ്യക്തിവൈരാഗ്യത്തിന്റെ ഭാഗമായി തങ്ങളിൽ പലരേയും അതും പത്തും മുപ്പതും വർഷത്തെ സർവീസുള്ള മുതിർന്ന ഉദ്യോഗസ്ഥരെ കള്ളക്കേസിൽക്കുടുക്കി പകപോക്കുന്നുവെന്നാണ് ഒരു വിഭാഗം ഐ.എ.എസ് ഉദ്യോഗസ്ഥരുടെ പ്രധാന ആരോപണം. വിവാദമായ ജയരാജൻ കേസിൽ അഡിഷണൽ ചീഫ് സെക്രട്ടറി റാങ്കുള്ള ഉദ്യോഗസ്ഥനെതിരെ എഫ്.ഐ.ആറിട്ടതാണ് പെട്ടെന്നുള്ള പ്രകോപനത്തിന്റെ കാരണം.

രാജ്യത്തെ നിയമം എല്ലാവർക്കും ബാധകമാണെങ്കിൽ അതിന് ഐ.എ.എസെന്നോ ഐ.പി.എസ് എന്നോയുള്ള വേർതിരിവ് കാണിക്കാനോ, ഒരു വിഭാഗം ഉദ്യോഗസ്ഥർ എല്ലാ നിയമങ്ങൾക്കും അതീതരാണെന്നോ കൽപ്പിക്കാനാവില്ല. കേസുകളും അന്വേഷണങ്ങളും തങ്ങൾക്കെതിരെ വരുമ്പോൾ സ്വാഭാവികമായും ഇഷ്ടക്കേടും എതിർപ്പുമൊക്കെ വരാം. പക്ഷേ അതിനെ സംഘംചേർന്ന് പ്രതിരോധിക്കാൻ ശ്രമിക്കുമ്പോൾ അതിന്റെ മാനം മറ്റൊന്നാകും. സംഘം ചേരുന്നതിൽ തെറ്റില്ല. പക്ഷെ അതിന് ന്യായമായൊരു കാരണമുണ്ടാകണം. മറിച്ച് തങ്ങൾ എന്ത് തെറ്റ് ചെയ്താലും അല്ലെങ്കിൽ കള്ളത്തരം ചെയ്താലും (അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് അന്വേഷണത്തിൽ തെളിയേണ്ടിയിരിക്കുന്നു) ആരും ചോദിക്കാൻപാടില്ല. ചോദിച്ചാൽ തങ്ങളുടെ സംഘബലം വച്ച് അതിനെ നേരിടുമെന്നുള്ള ഭീഷണി ശരിയാണോ? അല്ലെന്നാണ് പ്രഗത്ഭരായ ഐ.എ.എസുകാരിൽ പലരും സ്വകാര്യസംഭാഷണത്തിൽ പറയുന്നത്.

അവധിയെടുത്ത് പ്രതിഷേധിക്കാനുള്ള ചില ഐ.എ.എസുകാരുടെ നീക്കം കണ്ടപ്പോൾ പഴയ ഒരുചൊല്ലാണ് ഓർമ്മ വന്നത്. മടിയിൽ കനമുണ്ടെങ്കിലല്ലേ ഇടവഴിയെ ഭയക്കേണ്ടതുള്ളൂ. മടിയിൽ കനമില്ലെങ്കിൽ ആ പേടി വരേണ്ടതില്ലല്ലോ? സംസ്ഥാനത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥരിൽ ഭൂരിപക്ഷം പേരും മിടുക്കരും സത്യസന്ധരുമാണെന്നതിൽ യാതൊരു തർക്കവുമില്ല. ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദിനെ ഉദാഹരണമായി എടുത്താൽ ഇത്രയും ലളിതജീവിതം നയിക്കുന്നവർ വിരളമാണെന്നു പറയാം. മിടുക്കരായ ഉദ്യോഗസ്ഥരുടെ പേരുകൾ എത്രവേണമെങ്കിലും എഴുതാനുമാകും. എന്നാൽ ചുരുക്കം ചിലർ അഴിമതിക്കയത്തിൽ നീന്തിത്തുടിക്കുന്ന വമ്പൻ സ്രാവുകളാണ്. മറ്റു ചിലർ ബൗദ്ധികമായി സത്യസന്ധരല്ല (ഇന്റലക്ച്വലി ഡിസ്ഹോണസ്റ്റ് എന്ന ഇംഗ്ലീഷ് പ്രയോഗത്തിന്റെ ശരിയായ അർത്ഥത്തിലുള്ള പരിഭാഷയല്ലയിത്. ആത്മാർത്ഥത പ്രകടനപരമായി മാത്രം കൊണ്ടു നടക്കുന്നവർ എന്നും പറയാം.).

ജേക്കബ്തോമസ് വിജലൻസ് ഡയറക്ടറായി വന്ന ശേഷം പലകേസുകളും എടുക്കുന്നു. ജനങ്ങൾ ആവേശത്തോടെ അതിനെ പിന്തുണയ്ക്കുന്നു. (അതിൽ അദ്ദേഹം ഹരംകൊള്ളുന്നുണ്ടോയെന്തോ?) ഇതൊക്കെ നേരായ വഴിക്കാണോ? നിയമത്തിന്റെ പാതയിലൂടെയാണോ? എന്നൊക്കെ അന്വേഷിക്കേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. ജേക്കബ്തോമസിനെതിരെ ഉയർന്നിട്ടുള്ള പരാതികൾ അവഗണിക്കുകയും തങ്ങളുടെ കാര്യത്തിൽ അദ്ദേഹം കൈക്കൊള്ളുന്ന നടപടികളെ പിന്തുണയ്ക്കുകയും ചെയ്യുന്നുവെന്നാണ് ഐ.എ.എസുകാരുടെ ആരോപണം. എന്നാൽ ഇപ്പോഴത്തെ പ്രശ്നം എന്താണ്? അഡിഷണൽ ചീഫ് സെക്രട്ടറിക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു. ഒരാൾക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിന് പല വശങ്ങളുണ്ട്. പൊലീസിന് വ്യക്തമായ വിവരങ്ങളോടെ പരാതി കിട്ടിയാൽ എഫ്.ഐ.ആറിടാം. ഒരാൾ നേരിട്ടു വന്ന് രേഖകൾ സഹിതം മൊഴി നൽകിയാൽ (ഫസ്റ്റ് ഇൻഫർമേഷൻ സ്റ്റേറ്റ്മെന്റ്) എഫ്.ഐ.ആറിടാം. പൊലീസിനുതന്നെ പ്രഥമദൃഷ്ട്യാ തെളിവുണ്ടെങ്കിൽ എഫ്.ഐ.ആറിടാം. അങ്ങനെ വിവിധ വഴികളുണ്ട്. എന്നാൽ എഫ്.ഐ.ആറിട്ടതുകൊണ്ട് ആരും കുറ്റാരോപിതരാക്കപ്പെടുന്നില്ല.



> എഫ്.ഐ.ആറിട്ടതുകൊണ്ട് മാത്രം ആരും കുറ്റാരോപിതരാക്കപ്പെടുന്നില്ല. കോളിളക്കം സൃഷ്ടിച്ച പാമോയിൽ കേസിൽ ഇപ്പോഴത്തെ അഡിഷണൽ ചീഫ് സെക്രട്ടറിയായ സെന്തിലിന്റെ പേര് എഫ്.ഐ.ആറിലുണ്ടായിരുന്നു. പക്ഷേ വിശദമായ അന്വേഷണത്തിനുശേഷം കുറ്റപത്രം സമർപ്പിച്ചിപ്പോൾ ഒഴിവാക്കപ്പെടുകയും ചെയ്തു. അങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ കേരള ചരിത്രത്തിലുണ്ട്.

ഉദാഹരണത്തിന് 'കേരളകൗമുദി' പുറത്തുകൊണ്ടു വന്ന കോളിളക്കം സൃഷ്ടിച്ച പാമോയിൽ കേസിന്റെ കാര്യമെടുക്കാം. ഇപ്പോഴത്തെ അഡിഷണൽ ചീഫ് സെക്രട്ടറിയായ സെന്തിലടക്കം പാമോയിൽ കേസിൽ എഫ്.ഐ.ആറിൽ പേരുണ്ടായിരുന്ന നാല് ഉദ്യോഗസ്ഥർ പിന്നീട് വിശദമായ അന്വേഷണത്തിൽ കുറ്റക്കാരല്ലെന്നുകണ്ട് ചാർജ്ജ്ഷീറ്റ് ചെയ്തപ്പോൾ ഒഴിവാക്കപ്പെട്ടു. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ കേരളത്തിലെ അന്വേഷണ ചരിത്രത്തിലുണ്ട്. വിജിലൻസിന്റെ ചരിത്രത്തിലുണ്ട്. എന്തുകൊണ്ടാണ് അവർ അന്ന് പ്രതിചേർക്കപ്പെട്ടതെന്നുകൂടി പറയാം. അന്ന് അവരൊക്കെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗങ്ങളായിരുന്നു. സർക്കാർ നിർദ്ദേശ പ്രകാരം എം.ഡി നേരിട്ടാണ് പാമോയിൽ ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്തത്. ബോർഡിന്റെ അനുമതിയോടെയായിരുന്നില്ല. എന്നാൽ ഇതു സംബന്ധിച്ച വാർത്ത വന്നപ്പോൾ ഭക്ഷ്യോത്പാദന കമ്മിഷണറും സിവിൽസപ്ലൈസ് കോർപ്പറേഷൻ ബോർഡ് ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറിയും കൂടിയായിരുന്ന സഖറിയാ മാത്യു ഡയറക്ടർബോർഡ് വിളിച്ചുകൂട്ടുകയും മുൻകാല പ്രാബല്യത്തോടെ ആ തീരുമാനം ഡയറക്ടർ ബോർഡിനെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ യോഗത്തിൽ പങ്കെടുത്തിരുന്നവർ എന്ന നിലയിൽ അവർക്കതിനെ എതിർക്കാമായിരുന്നു. എതിർത്തില്ല. അതിനാലാണ് രേഖകൾ പ്രകാരം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്. വിശദമായ അന്വേഷണം വന്നപ്പോൾ അവർക്കു പങ്കില്ലെന്നു കണ്ട് ഒഴിവാക്കപ്പെടുകയും ചെയ്തു.

സ്റ്റോർ പർച്ചേസ് നിയമത്തിലെ വ്യവസ്ഥകൾ എല്ലാം കാറ്റിൽപ്പറത്തിയാണ് പാമോയിൽ ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്തത്. ഗ്ലോബൽ ടെൻഡർ വിളിച്ചില്ല, ഏത് കരാർ ആണെങ്കിലും ധനകാര്യ വകുപ്പിന്റെ അനുമതി വേണം. അത് ചെയ്യാത്തതിലൂടെ ബിസിനസ് നടപടി ചട്ടം ലംഘിക്കപ്പെട്ടു. സർക്കാർ ഏജൻസി മറ്റൊരു ഏജൻസിയുമായി കരാർ ഒപ്പിടുമ്പോൾ നിയമ വകുപ്പ് കാണേണ്ടതുണ്ടെന്ന കീഴ്വഴക്കവും ലംഘിക്കപ്പെട്ടു. പാമോയിൽ ഇറക്കുമതി ചെയ്യുന്നതിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിബന്ധനകളും ലംഘിച്ചു. പാമോയിലിന്റെ നോട്ട് ഫയൽ ഇനിഷ്യേറ്റ് ചെയ്ത ഉദ്യോഗസ്ഥൻ മുതൽ ഇക്കാര്യത്തിൽ ഭരണഘടനാപരമായി തങ്ങളിൽ അർപ്പിതമായ കടമകൾ ഉത്തരവാദിത്വത്തോടെ നിറവേറ്റിയില്ല. നിർവഹിച്ചില്ലെന്നു മാത്രമല്ല അവഗണിച്ചു. മന്ത്രിയോ മുഖ്യമന്ത്രിയോ പറഞ്ഞാൽ തങ്ങളെന്തു ചെയ്യുമെന്ന് ചോദിക്കാം. അതിനാണല്ലോ സിവിൽസർവീസുകാരെ സ്റ്റീൽ ഫ്രെയിം അല്ലെങ്കിൽ ഭരണത്തിന്റെ ഇരുമ്പുചട്ടയെന്നു പറയുന്നത്. മന്ത്രിമാർ വരികയും പോവുകയും ചെയ്യും. അപ്പോൾ ഭരണഘടനാ ബാദ്ധ്യത പുലർത്തേണ്ടവർ തെറ്റുകൾ ചൂണ്ടിക്കാട്ടണം. ഫയലിൽ എഴുതി വയ്ക്കണം. ഇതൊക്കെയാണ് കുഴപ്പമെന്ന് ഭരണാധികാരികളോട് പറഞ്ഞു മനസിലാക്കണം. പി.ജെ. തോമസ് അന്ന് ഭക്ഷ്യസെക്രട്ടറിയായിരുന്നു. അദ്ദേഹം സത്യസന്ധനല്ലെന്ന് ആരും പറയില്ല. പക്ഷേ തന്നിൽ അർപ്പിതമായ ഉത്തരവാദിത്വം അല്ലെങ്കിൽ കർത്തവ്യം നിർവഹിക്കുന്നതിൽ ഗുരുതരമായ വീഴ്ചപറ്റി. സ്വാഭാവികമായും പ്രതിചേർക്കപ്പെട്ടു. ആ വീഴ്ചയ്ക്ക് വലിയ വിലകൊടുക്കേണ്ടിവന്നുവെന്നത് യാഥാർത്ഥ്യമാണ്. കോൺഗ്രസിലെ കക്ഷിവഴക്കിന്റെയോ പടലപ്പിണക്കത്തിന്റെയോ ഭാഗമായി ഉണ്ടായതാണ് പാമോയിൽ കേസെന്ന് പറഞ്ഞാൽ അരിയാഹാരം കഴിക്കുന്നവർ ആരും അത് വിശ്വസിച്ചെന്ന് വരില്ല. പാമോയിൽ കേസിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ ബാഹ്യ സമ്മർദ്ദത്താൽ തയ്യാറാക്കിയതല്ലെന്ന് സുപ്രീംകോടതി 2000 ത്തിൽ വിധി പ്രസ്താവിച്ചിരുന്നു.

ഇവിടെ ഇപ്പോൾ എഫ്.ഐ.ആറിൽ പേരുവന്നിട്ടുള്ള അഡിഷണൽ ചീഫ് സെക്രട്ടറി വ്യവസായ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി കൂടിയാണ്. വിവാദമായ വിഷയത്തിൽ പ്രസ്തുത തസ്തികയിലേക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള (റിയാബ് എന്നൊരു സർക്കാർ ഏജൻസി ചില മാനദണ്ഡങ്ങൾ വച്ചിട്ടുണ്ടല്ലോ.) യോഗ്യതകൾ അപേക്ഷകന് ഉണ്ടോയെന്നും ഇല്ലെങ്കിൽ അക്കാര്യവും സെക്രട്ടറിക്ക് മന്ത്രിയെ ധരിപ്പിക്കാം. നിയമനം നടത്തുംമുമ്പേ വിജിലൻസ് വേരിഫിക്കേഷൻ നടത്തണമെന്നും മുഖ്യമന്ത്രി കാണണമെന്നും നോട്ട് ഫയലിലെഴുതാം. ഇങ്ങനെ തന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചിട്ടുണ്ടെങ്കിൽ എഫ്.ഐ.ആറിനെ എന്തിന് ഭയക്കണം? കുളത്തിനോട് പിണങ്ങി കുളിക്കാതിരിക്കരുതെന്ന് ഒരു ചൊല്ലുണ്ട്. ഇപ്പോൾ നടത്തിയ പ്രതിഷേധം അതുപോലെയായിപ്പോയി.

പാമോയിൽ കേസിൽ പ്രതിചേർക്കപ്പെട്ട ഉദ്യാഗസ്ഥർ വ്യക്തിപരമായി സത്യസന്ധരല്ലെന്ന് ആരും പറഞ്ഞിട്ടില്ല. പക്ഷേ ഭരണഘടനാ പ്രകാരം, നിയമപരമായും ചട്ടപരമായും ചെയ്യേണ്ട ജോലി ചെയ്യാതെ വന്നപ്പോഴല്ലേ പ്രതികളായത്. ഇവിടെ മധ്യസ്ഥന്റെ റോൾ വഹിക്കുന്നതിനുമുമ്പ് അവധിയെടുത്തുള്ള പ്രതിഷേധം ശരിയല്ലെന്ന് സഹപ്രവർത്തകരോട് പറയാനുള്ള ധാർമ്മിക ഉത്തരവാദിത്വം ചീഫ് സെക്രട്ടറിക്കുമുണ്ടായിരുന്നു.

അഴിമതിയുടെ വേരുകൾ പിഴുതെറിയേണ്ടത് ആവശ്യമല്ലേ? അതിന് സർക്കാർ ഒരുങ്ങുമ്പോൾ ചെറിയ കാര്യങ്ങൾ പറഞ്ഞ് വലിയ ലക്ഷ്യത്തെ തട്ടിത്തെറിപ്പിക്കേണ്ടതുണ്ടോ? നിയമപരമായി ചോദ്യം ചെയ്യാനുള്ള സാഹചര്യങ്ങൾ ഉള്ളപ്പോൾ പ്രത്യേകിച്ചും.

ഐ.എ.എസുകാർ എല്ലാം സഹിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ചിലർ പറയാറുണ്ട്. രാഷ്ട്രീയക്കാരുടെ അപ്രീതിക്കു പാത്രമായാൽ അവർ ഒതുക്കപ്പെടുമത്രെ. ഈ ഒതുക്കലുകളെക്കുറിച്ച് പണ്ടൊരിക്കൽ ഡി.ബാബുപോൾ സാർ പറഞ്ഞതോർക്കുന്നു. 'എന്നെ മൂലയ്ക്കിരുത്തുകയെന്ന ഉദ്ദേശ്യത്തോടെയാണ് പണ്ട് ടൂറിസത്തിലേക്ക് മാറ്റിയത്. ആകെ മൂന്ന് ക്ലാർക്കുമാർ മാത്രം. പക്ഷേ ഞാനവിടെയിരുന്ന് ശരിക്കും ജോലിചെയ്തു. പുതിയ ആശയങ്ങൾ കൊണ്ടുവന്നു പ്രാവർത്തികമാക്കി. പിന്നീട് ആ പോസ്റ്റിന് ഭൈമീകാമുകർ ഏറി. കടിപിടിയായി.' പ്രഗത്ഭരായ പൂർവസൂരികളുടെ എത്രയോ അനുഭവങ്ങൾ ഇങ്ങനെ മുന്നിലില്ലേ?

അടിക്കുറിപ്പ്: സംസ്ഥാനത്തെ മുൻ ചീഫ് സെക്രട്ടറിയും കേന്ദ്ര ടെലികോം സെക്രട്ടറിയുമായിരുന്ന പി.ജെ.തോമസിനെ സെൻട്രൽ വിജിലൻസ് കമ്മിഷണർ സ്ഥാനത്തു നിന്ന് നീക്കിക്കൊണ്ട് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കൗതുകകരമായ ഒരു പരാമർശമുണ്ടായിരുന്നു. സി.വി.സി തസ്തികയിലേക്ക് അപേക്ഷിച്ചപ്പോൾ നൽകിയ ബയോഡേറ്റയിൽ ഒരു അഴിമതി കേസിൽ താൻ ചാർജ്ജ്ഷീറ്റ് ചെയ്യപ്പെട്ട വിവരം മറച്ചുവച്ചുവെന്നും അതൊരു വീഴ്ചയാണെന്നുമായിരുന്നു ആ പരാമർശം.